14/2/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 633(1)/22/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 16699/SIC-G4/2022)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2023 ഫെബ്രുവരി 10

| | |
|---|---|
| ശ്രീ. ഇസ്മായിൽ ബി.എ.,<br>സി.കെ.ഹൗസ്, എയ്യള,<br>തെക്കിൽ പി.ഒ.,<br>കാസറഗോഡ് – 671 541. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട് (എൽ.ആർ.ജെ–സെക്ഷൻ),<br>ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയം,<br>പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/09/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/10/2022, 27/10/2022 |
| പരാതി സമർപ്പിച്ച തീയതി | 1/11/2022 |
| കമ്മീഷനിൽ പരാതി ലഭ്യമായ തീയതി | 03/11/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/11/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/12/2022 |

## ഉത്തരവ്

ശ്രീ. ഇസ്മയിൽ ബി.എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പിന് ടിയാനിൽ നിന്നും അധിക തുക ഈടാക്കി എന്നും 17 പേജുകളുള്ള പകർപ്പിന് 69/– രൂപയാണ് ഈടാക്കിയതെന്നും ആയതിനാൽ ടിയാനിൽ നിന്നും അധികമായി ഈടാക്കിയ തുക തിരികെ ലഭിക്കണമെന്നും അധിക രൂപ ഈടാക്കിയ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കണമെന്നും മേൽ വിഷയത്തിൽ ടിയാന് വന്ന കഷ്ടനഷ്ടത്തിന് എതിർകക്ഷിയിൽ നിന്നും നഷ്ടപരിഹാരം വാങ്ങി നൽകണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ 28.09.2022 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന രേഖകളുടെ പകർപ്പുകൾ നൽകണമെന്നാണ്:

i. എൽ.ആർ.ജെ6–19730/2021 നമ്പർ പ്രകാരമുള്ള ഫയലിൽ തയ്യാറാക്കിയ ഓഫീസ് നോട്ട്, കറസ്പോണ്ടൻസ് ഫയൽ എന്നിവയുടെ പകർപ്പുകൾ നൽകണമെന്നും

ii. എൽ.ആർ.ഡി–6 150/2022 നമ്പർ പ്രകാരമുള്ള 11.7.22–ലെ കത്ത് സംബന്ധിച്ച്– മേൽവിലാസക്കാരനായ ടിയാൻ 16.9.22 തീയതിക്ക് പരാതി നൽകിയതിന്മേൽ ടി കാര്യാലയത്തിൽ നിന്നും തുടർനടപടി സ്വീകരിച്ചതിന്റെ പകർപ്പ് നൽകണമെന്നാണ്.

3. 15.10.2022 തീയതി എതിർകക്ഷി നൽകിയ മറുപടിയിൽ, ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 1 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ജെ6–19730/2021 ഫയലിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി 69/- രൂപ 0070–60–118–99 **Receipts under Right to Information Act 2005** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ചു ട്രഷറി ചെലാന്റെ അസൽ ഹാജരാക്കുകയോ ടി തുക ടി ഓഫീസിൽ നേരിട്ട് അടയ്ക്കുകയോ ചെയ്യുന്ന മുറക്ക് നൽകുന്നതാണെന്നും ക്രനമ്പർ 2 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നേരിട്ട് നൽകുന്നതിനായി ടി ഓഫീസിലെ ഡി–സെക്ഷനിലെ എസ്.പി.ഐ.ഒ.ക്ക് അപേക്ഷ കൈമാറിയിട്ടുള്ളതാണെന്നുമാണ്. 27.10.2022 തീയതിയിൽ എസ്.പി.ഐ.ഒ. ഹർജിക്കാരൻ ആവശ്യപ്പെട്ട ജെ6–19730/2021 ഫയലിന്റെ പകർപ്പ് അയച്ചു നൽകിയതായി കാണുന്നു.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 13.12.2022–ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.ഇസ്മയിൽ ബി.എ. വിവരാവകാശ നിയമ പ്രകാരം എൽ.ആർ.ജെ6–19730/21 ഫയലിന്റെ പകർപ്പുകളാണ് ആവശ്യപ്പെട്ടിരുന്നത് എന്നും ടി ഫയൽ കെ.ഡിസ്. ആയി തീർപ്പാക്കിയ ഫയലാണ് എന്നും ആയതിന് 23 പേജുകളാണ് ഫയലിൽ രേഖപ്പെടുത്തി കാണുന്നതെന്നും ടി പേജുകൾക്കാണ് 69/- രൂപ ഈടാക്കി സർക്കാരിലേക്ക് മുതൽ കൂടിയിട്ടുള്ളതാണെന്നും ടി ഫയലിൽ 2, 4, 10, 12, 14, 18 പേജുകൾ ബ്ലാങ്കായിട്ടാണ് കണ്ടതെന്നും എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയതിനാലാണ് ടി തുക ഈടാക്കിയതെന്നും ടി ഫയലിൽ 15 മുതൽ 21 വരെയുള്ള പേജുകൾ സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ രണ്ട് പകർപ്പുകളാണെന്നും ആയത് പേജ് നമ്പർ ഇട്ടിട്ടുള്ളതിനാൽ ടി പേജുകൾ ഒഴിവാക്കാൻ സാധിക്കാത്തതാണെന്നും പേജ് നമ്പറിട്ട് സൂക്ഷിച്ച് തീർപ്പാക്കിയ ഫയലായതിനാലാണ് ടി തുക ഈടാക്കിയിട്ടുള്ളതെന്നും കൂടാതെ പരാതികക്ഷിക്ക് സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ് നൽകിയിരുന്നതെന്നും സാധാരണയായി

സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ തീയതി വയ്ക്കാതെയാണ് നൽകി വരുന്നതെന്നും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ 27.10.2022 ന് അപേക്ഷകന് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ഹർജിക്കാരന് സമയപരിധിയ്ക്കുള്ളിൽ തന്നെ മറുപടി നൽകിയിരുന്നതും ഹർജിക്കാരനെ തെറ്റിദ്ധരിപ്പിച്ചിട്ടുള്ള രീതിയിൽ യാതൊരു വിവരവും നൽകിയിട്ടില്ലാത്തതുമാണെന്നും തീർപ്പാക്കിയ ഫയലിന്റെ ചില പേജുകൾ ഒഴിവാക്കി ഫയലിന്റെ പകർപ്പ് നൽകുകയാണെങ്കിൽ പരാതിക്കാരൻ തെറ്റിദ്ധരിക്കാൻ ഇടയാകുമെന്ന് മനസ്സിലാക്കിയതിനാലാണ് തീർപ്പാക്കിയിരുന്ന ടി ഫയലിന്റെ മുഴുവൻ പേജുകളും ഉൾപ്പെടുത്തി നൽകിയതെന്നും മനഃപൂർവ്വമായ ഒരു വീഴ്ചയും വരുത്തിയിട്ടില്ലെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടും വിശദമായി പരിശോധിച്ചതിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് കൃത്യമായി നിർണ്ണയിക്കാതെയാണ് എസ്.പി.ഐ.ഒ. ടിയാനിൽ നിന്നും തുക ഈടാക്കിയതെന്ന് കമ്മീഷനു ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ലെന്നും പൊതു അധികാരിയുടെ ഭാഗത്തു നിന്നും മനഃപ്പൂർവ്വമല്ലാത്ത വീഴ്ചയുണ്ടായതായും കമ്മീഷൻ നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ, ഹർജിക്കാരനിൽ നിന്നും അധികമായി ഈടാക്കിയ തുക ടിയാന് തിരികെ നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നതോടൊപ്പം ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് എസ്.പി.ഐ.ഒ.യെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2023 ഫെബ്രുവരി 10–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us